(സി) എല്ലാ സർക്കാർ അവധി ദിനങ്ങളും ഗ്യാസ് ഏജൻസികൾക്ക് ബാധകമാണോ?

(ഡി) നിശ്ചിത സമയപരിധിക്കുള്ളിൽ ഉപഭോക്താക്കൾക്ക് ഗ്യാസ് നിറച്ച സിലിണ്ടർ നൽകണമെന്ന് വ്യവസ്ഥയുണ്ടോ? എങ്കിൽ അത് വ്യക്തമാക്കുമോ?

ഉത്തരം

(എ) പാചക വാതക വിതരണരംഗത്തെ അവശ്യസേവനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പാചകവാതക സിലിണ്ടറുകളുടെ വിതരണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനായി ഗ്യാസ് ഏജൻസി തലത്തിൽ സോഷ്യൽ മോണിറ്ററിംഗ് സമിതികൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഓപ്പൺ ഫാറങ്ങൾ സംഘടിപ്പിക്കാറുണ്ട്. ഈ ഓപ്പൺ ഫാറങ്ങളിൽ താലൂക്ക് സപ്ലൈ ആഫീസർമാരും ഓയിൽ കമ്പനി പ്രതിനിധികളും പങ്കെടുത്ത് ഉപഭോക്താക്കളുടെ പരാതി പരിഹരിക്കുന്നുണ്ട്. കൂടാതെ ജില്ലാകളക്ടറുടെ നേതൃത്യത്തിൽ പരാതി പരിഹാര അദാലത്തുകളും സംഘടിപ്പിക്കാറുണ്ട്. കൂടാതെ പാചകവാതക വിതരണ രംഗത്തെ പ്രശ്നങ്ങൾ പരിഹരിച്ച് ആവശ്യത്തിന് വേണ്ട സിലിണ്ടറുകൾ വിപണിയിൽ ലഭ്യമാക്കുവാൻ എണ്ണകമ്പനികളുടെ സംസ്ഥാന തല കോ-ഓർഡിനേറ്ററിനോട് നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. രാവിലെ 8.30 മുതൽ 5.30 വരെ ഉച്ചയ്ക്ക് 1.00 മുതൽ 1.30 വരെ അരമണിക്കൂർ ഇടവേളയോടുകൂടിയാണ് പാചക വാതക വിതരണകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്.

(സി) അല്ല

(ഡി) സാധാരണഗതിയിൽ സിലിണ്ടർ ബുക്ക് ചെയ്താൽ 48 മണിക്കൂറിനകം ലഭ്യമാക്കാൻ ഓയിൽ കമ്പനികൾ ശ്രമിക്കാറുണ്ട്. എന്നാൽ, പ്രകൃതി ദുരന്തങ്ങൾ, സമരങ്ങൾ, ഹർത്താലുകൾ, സിലിണ്ടറുകളുടെ ലഭ്യതക്കുറവ് എന്നിവ മൂലം ഇതിൽ താമസം നേരിടാറുണ്ടെന്നും എണ്ണകമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

നിയന്ത്രണാതീതമായുണ്ടാകുന്ന വിലക്കയറ്റം തടഞ്ഞുനിർത്താൻ

203 (4835) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിയന്ത്രണാതീതമായുണ്ടാകുന്ന വിലക്കയറ്റം തടഞ്ഞുനിർത്താൻ ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ മാർക്കിറ്റിടപടലുകൾക്കായി പ്രതിവർഷം എത്ര തുക നീക്കിവച്ചിരുന്നെന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നീക്കിവച്ച തുകയിൽ നാളിതുവരെ പ്രതിവർഷം എത്ര തുക ചെലവഴിച്ചെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത തുക ചെലവഴിച്ചതു വഴി പൊതുജനങ്ങൾക്ക് എന്തെല്ലാം ഗുണങ്ങളാണുണ്ടായിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ മാർക്കറ്റിൽ ഇടപെടലുകൾക്കായി നീക്കിവച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

സാമ്പത്തിക വർഷം	തുക (കോടിയിൽ)
2011-12	118.35
2012-13	135.00
2013-14	116.021
2014-15 (11-12-2014 വരെ)	65.00

(ബി) നീക്കിവച്ച തുക മുഴുവനും ചെലവഴിച്ചിട്ടുണ്ട്.

(സി) 13 ഇനം അവശ്യ സാധനങ്ങൾ സബ്സിഡി നിരക്കിൽ പൊതു വിപണി വിലയേക്കാൾ കുറഞ്ഞനിരക്കിൽ ലഭ്യമാക്കുക വഴി ഇവയുടെ പൊതുവിപണി വില പിടിച്ചു നിർത്തുവാനും അതുവഴി പൊതുജനങ്ങൾക്ക് അവശ്യസാധനങ്ങൾ ന്യായമായ വിലയ്ക്ക് ലഭ്യമാക്കുവാനും സാധിക്കുന്നുണ്ട്.

മായം ചേർക്കലും കൃത്രിമം കണ്ടുപിടിക്കുന്നതിനും സംവിധാനങ്ങൾ

204 (4836) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യവസ്തുക്കൾ പരിശോധന നടത്തുന്നതിനും അവയിലെ മായം ചേർക്കലും കൃത്രിമവും കണ്ടുപിടിക്കുന്നതിനും സംസ്ഥാനത്ത് നിലവിൽ എന്തെല്ലാം സംവിധാനങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സംവിധാനങ്ങൾ മുഖേന 2014-15 വർഷത്തിൽ എത്ര സാമ്പിളുകൾ പരിശോധിച്ചുവെന്നും എത്രപേർക്കെതിരെ കേസെടുത്തുവെന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly